## പത്രക്കുറിപ്പ്

## ലോകക്ഷീരദിനാചരണം

ക്ഷീരവികസന വകുപ്പ് , മിൽമ,ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ ലോകക്ഷീരദിനം സംസ്ഥാനവ്യാപകമായി ആചരിച്ചു. തിരുവനന്തപുരം ഡയറി ഡയറക്ടറേറ്റിൽ നടന്ന സംസ്ഥാനതല പരിപാടിയിൽ ബഹു.വനം ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ.കെ.രാജു പതാക ഉയർത്തുകയും വൃക്ഷത്തൈ നടുകയും ചെയ്തു. തുടർന്ന് നടന്ന ഫെയ്സ് ബുക്ക് ലൈവ് പരിപാടിയിലൂടെ ബഹു.കേരള ഗവർണർ, ബഹു.മുഖ്യമന്ത്രി എന്നിവർ ക്ഷീരകർഷകർക്ക് ആശംസകൾ നേർന്നു. ക്ഷീരവികസന വകുപ്പിന്റെ പുതുക്കിയ വെബ്സൈറ്റ് ബഹു. അഡ്വ. കെ. രാജു ഉദ്ഘാടനം ചെയ്യുകയും ക്ഷീരകർഷകർ, സഹകാരികൾ എന്നിവരുമായി സംവദിക്കുകയും ചെയ്തു. ക്ഷീരവികസന വകുപ്പ് ഗവൺമെന്റ് സെക്രട്ടറി ടിങ്കു ബിസ്വാൾ IAS ചടങ്ങിൽ സന്നിഹിതയായിരുന്നു. ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശ്രീമതി. മിനി രവീന്ദ്രദാസ്, മുൻ ഡയറക്ടർ ശ്രീ.എസ്. ശ്രീകുമാർ, മിൽമയുടെ മാനേജിംഗ് ഡയറക്ടർ ഡോ.പാട്ടീൽ സുയോഗ് സുബാഷ് റാവു IFS എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. മിൽമയുടെ ഉത്പന്നമായ Ready to drink palada Pradhaman ന്റെ വിതരണോദ്ഘാടനം ബഹു.ക്ഷീരവികസന വകുപ്പ് മന്ത്രി നിർവ്വഹിച്ചു. സംസ്ഥാനത്തെ 3647 ക്ഷീരസംഘങ്ങളും മിൽമയും ക്ഷീരകർഷകരും ഫെയ്സ് ബുക്ക് ലൈവ് പരിപാടിയിൽ പങ്കെടുത്തും വൃക്ഷത്തൈകൾ നട്ടും ക്ഷീരദിനാചരണ പരിപാടികളിൽ പങ്ക് ചേർന്നു. 10000 ലേറെ ക്ഷീരകർഷകരാണ് ഒരു മണിക്കൂർ നീണ്ട ഫെയ്സ് ബുക്ക് ലൈവ് പരിപാടിയിലൂടെ മന്ത്രിയുമായി സംവദിച്ചത് .

ഡയറക്ടർ